File No.FWLD-D2/114/2019-FWLD

18090
15/10/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കേരളത്തിൽ കടുവാ പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.235/2019/വനം തീയതി,തിരുവനന്തപുരം, 26/06/2019

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 14/05/2019 തീയതിയിലെ

WL3-2202/19 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിൽ കടുവാ പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം(1)പ്രകാരം ശുപാർശ ലഭ്യമാക്കുകയുണ്ടായി.

ജനവാസ പ്രദേശങ്ങളിലേക്ക് കടുവകൾ കടന്നു കയറുകയും സംഘർഷം ഒഴിവാക്കുന്നതിനായി അതിനെ പിടിച്ച് മാറ്റേണ്ടി വരുന്നുവെന്നും എന്നാൽ, ഇത്തരത്തിൽ മനുഷ്യാധിവാസ പ്രദേശങ്ങളിൽ കടന്നു കയറി മനുഷ്യനും കന്നുകാലികൾക്കും ഭീഷണിയാകുന്ന മൃഗങ്ങളിലധികവും പ്രായമായവയോ പരിക്കുപറ്റി വനത്തിലെ സാഹചര്യത്തിൽ ഭക്ഷണം തേടി ജീവിക്കാനാകാത്തവയോ ആണെന്നും അവയെ കാട്ടിലേക്ക് തിരിച്ച് വിടാൻ കഴിയാത്തതിനാൽ, ചികിത്സയ്ക്കും പരിചരണത്തിനുമായി, മറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ തിരുവനന്തപുരം മൃഗശാലയിൽ, അല്ലെങ്കിൽ നെയ്യാറിലെ 'Lion Safari Park'ൽ എത്തിക്കുകയോ ആണ് ചെയ്തുവരുന്നതെന്നും മറ്റു വഴികളില്ലാത്തതിനാലുള്ള താല്ക്കാലിക ക്രമീകരണമായാണ് പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്യുന്നു.

2) പ്രസ്തുത സാഹചര്യത്തിൽ, കടുവകൾക്കായി സാങ്കേതിക തികവുള്ളതും നവീനവുമായ ഒരു പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് പുത്തൂർ സുവോളജിക്കൽ പാർക്കിനായി മാറ്റിവെച്ചിട്ടുള്ള 136.86 ഹെക്ടർ സ്ഥലത്തു നിന്നും 10 ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുള്ളതായും പുനരധിവാസ കേന്ദ്രത്തിനായി സുവോളജിക്കൽ പാർക്കിലെ മൃഗചികിത്സാ സൗകര്യങ്ങൾ ഉപയോഗിക്കാനാകുമെന്നും, വനഭൂമി തരം മാറ്റേണ്ട ആവശ്യമില്ലെന്നും പദ്ധതിയ്ക്കായി 3 കോടി രൂപചെലവും 10 ലക്ഷം രൂപ വാർഷിക ആവർത്തന ചെലവ് കണക്കു കൂട്ടുന്നുവെന്നും ഇക്കാര്യത്തിനായി കേന്ദ്ര പദ്ധതിയിൽ നിന്നും ആവശ്യമായ തുക കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ടെന്നും 1-1.5വർഷത്തിനകം പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കണമെന്നു ചീഫ് വൈൽഡ് ലൈഫ് വാർഡൻ അഭ്യർത്ഥിച്ചിരിയ്ക്കുന്നു

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടുവാ പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിന്റെ ആവശ്യകത വ്യക്തമാണ്. അതിനാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശ പരിഗണിച്ചുകൊണ്ട്,

പദ്ധതിയ്ക്കായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനുമായി പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുൽഫിക്കർ റഹ്മാൻ.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം)

& ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള

സ്പെഷ്യൽ ഓഫീസർ, ആന പുനരധിവാസകേന്ദ്രം, തിരുവനന്തപുരം & പുത്തൂർ സുവോളജിക്കൽ പാർക്ക്

ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് മ്യൂസിയം & സൂ,തിരുവനന്തപുരം

സാംസ്കാരിക കാര്യ വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ്( വെബ് & ന്യൂ മീഡിയ)

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ